"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ്-വനം വന്യജീവി വകുപ്പിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസറായി സേവനത്തിലിരിക്കെ മരണമടഞ്ഞ ശ്രീ. ബിജുവിന്റെ മകനായ ശ്രീ. കാളിദാസ്.ബിയ്ക്ക്, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം വനം വകുപ്പിൽ ക്ലർക്കായി നിയമനം നൽകുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി(എഫ്) വകുപ്പ്

സ.ഉ.(കൈ) നം.17/2021/വനം തീയതി, തിരുവനന്തപുരം, 20/09/2021.

പരാമർശം:-

1. സ.ഉ.(പി) നം. 12/99/പി&എ.ആർ.ഡി തീയതി 24.05.1999.
2. ശ്രീ.കാളിദാസ്.ബി, ചരുവിളയിൽ , എടവനശ്ശേരി, മൈനാഗപ്പള്ളി സമർപ്പിച്ച 16.11.2020 ലെ അപേക്ഷയും അനുബന്ധ രേഖകളും.
3. ഭരണ വിഭാഗം ഉപമുഖ്യ വനപാലകന്റെ 31.03.2021 ലെ ഇ6-899/2021 നമ്പർ കത്തും, അനുബന്ധ രേഖകളും.
4. കൊല്ലം ജില്ലാ കളക്ടറുടെ 31.07.2021ലെ DCKLM/4963/2021-S4 നമ്പർ കത്തും, അനുബന്ധ രേഖകളും.

ഉത്തരവ്

വനം വന്യജീവി വകുപ്പിൽ കൊല്ലം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസറായിരിക്കെ 13.04.2017 ൽ മരണമടഞ്ഞ ശ്രീ. ബി. ബിജുവിന്റെ മകനായ ശ്രീ. കാളിദാസ്.ബിയ്ക്ക് സർവീസിലിരിക്കെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്ന സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായുള്ള അപേക്ഷ പരാമർശം (2) പ്രകാരം സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരാമർശം (3) പ്രകാരം ഭരണ വിഭാഗം ഉപമുഖ്യ വനപാലകൻ ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത അപേക്ഷയിൻമേൽ അന്വേഷണം നടത്തി ആവശ്യമായ രേഖകൾ സഹിതം കൊല്ലം ജില്ലാ കളക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

2). കുന്നത്തൂർ തഹസീൽദാരുടെ അനന്തരാവകാശ സർട്ടിഫിക്കറ്റ് പ്രകാരം പരേതന്റെ അനന്തരാവകാശികൾ ഭാര്യ അമ്പിളി, മകൻ കാളിദാസ്, കൃഷ്ണദാസ് എന്നിവരാണ്. പരേതന്റെ അനന്തരവകാശികൾ അപേക്ഷകന് ജോലി നൽകുന്നതിന് സമ്മതപത്രം നൽകിയിട്ടുണ്ട്. അപേക്ഷകന്റെ ജനനതീയതി 14.11.2002 ആണ്. ടിയാന് 18 വയസ് പൂർത്തിയായിട്ടുള്ളതും എസ്. എസ്.എൽ.സി. എച്ച്.എസ്.ഇ എന്നിവ പാസായിട്ടുള്ളതുമാണ്. ടിയാന്റെ വാർഷിക വരുമാനം 18000/- രൂപയാണെന്ന് മൈനാഗപ്പള്ളി വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

3). മേൽ സാഹചര്യത്തിൽ, വനം വന്യജീവി വകുപ്പിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസറായി

സേവനത്തിലിരിക്കെ 13.04.2017 ൽ മരണമടഞ്ഞ ശ്രീ. ബി.ബിജുവിന്റെ മകനായ ശ്രീ. കാളിദാസ്.ബിയ്ക്ക്, സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം ജോലി നല്കുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്കും സീനിയോറിറ്റി സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങൾക്കും വിധേയമായി, വനം വകുപ്പിൽ കൊല്ലം ജില്ലയിൽ ₹26500-60700 ശമ്പള സ്കെയിലിൽ, ക്ലർക്ക് തസ്തികയിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. കൊല്ലം ജില്ലയിൽ ഒഴിവ് നിലവിലില്ലാത്ത പക്ഷം ഒഴിവുള്ള ജില്ലയിൽ നിയമിക്കാവുന്നതും കൊല്ലം ജില്ലയിൽ ഒഴിവുണ്ടാകുന്ന മുറയ്ക്ക് സീനിയോറിറ്റി നഷ്ടപ്പെടാതെ ടിയാന് സ്ഥലംമാറ്റം അനുവദിക്കേണ്ടതുമാണ്.

4). അപേക്ഷകന്റെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, വാർഷിക വരുമാനം തുടങ്ങിയവ പരിശോധിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിന് വിധേയമായി നിയമനം നൽകിക്കൊണ്ടുള്ള ഔപചാരികമായ ഉത്തരവ് ഭരണ വിഭാഗം ഉപമുഖ്യവനപാലകൻ നൽകേണ്ടതാണ്.

5). ഈ നിയമനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പരേതന്റെ സേവനപുസ്തകത്തിലും ബന്ധപ്പെട്ട എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷകൻ ഏതെങ്കിലും വസ്തുതകൾ മനപൂർവ്വം മറച്ചുവച്ചതായും തെറ്റായ വിവരങ്ങൾ നലകിയതായും ഏതെങ്കിലും അവസരത്തിൽ സർക്കാരിന് ബോധ്യമായാൽ ഈ നിയമനം നിരുപാധികം റദ്ദാക്കാനുള്ള അധികാരം സർക്കാരിനുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജേഷ് ജി ആർ
ഡെപ്യൂട്ടിസെക്രട്ടറി.

മുഖ്യ വനപാലകൻ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
ഭരണ വിഭാഗം ഉപമുഖ്യവനപാലകൻ, തിരുവനന്തപുരം.
ശ്രീ.കാളിദാസ്.ബി, ചരുവിളയിൽ , എടവനശ്ശേരി, മൈനാഗപ്പള്ളി, കൊല്ലം,
പിൻ- 690519.(രജിസ്റ്റേഡ് തപാൽ മടക്ക രസീത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്),കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ & ഇ),കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Noushad S
Date: 23-09-2021 08:35:02
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്-വനം വന്യജീവി (പാർലമെന്റ്) വകുപ്പ്.